ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 04.10.2026 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. പാർലമെന്റിന്റെ സ്ഥിരം സമിതികൾ പുനഃസംഘടിപ്പിച്ചു; ബിജെപി എംപി ഭർതൃഹരി മഹ്താബ് ധനകാര്യ സമിതി അധ്യക്ഷനാകും; ശശി തരൂർ എംപി വിദേശകാര്യ സമിതി അധ്യക്ഷൻ.

   Parliamentary Standing Committees Reconstituted; Bhartruhari Mahtab to Head Finance Panel, Shashi Tharoor to Lead External Affairs Committee.

2. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ സാമ്പത്തികരംഗത്ത് കൂടുതൽ കരുത്തും പ്രതിസന്ധികളെ അതിജീവിക്കാനുള്ള ശേഷിയും ഇന്ത്യ ആർജ്ജിച്ചതായി ധനമന്ത്രി നിർമ്മല സീതാരാമൻ.

   India Has Built Greater Economic Strength and Resilience Over the Past Decade: Finance Minister Nirmala Sitharaman.

3. ഗാന്ധിജയന്തിയോടനുബന്ധിച്ചുള്ള പ്രത്യേക ഗ്രാമസഭകളുടെ ഭാഗമായി രാജ്യവ്യാപകമായി 'ജൽ അർപ്പൺ' ചടങ്ങുകൾ സംഘടിപ്പിച്ചു.

   'Jal Arpan' Ceremonies Held Nationwide as Part of Special Gram Sabhas to Mark Gandhi Jayanti.

4. ഇസ്രയേൽ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പരമ്പരാഗത ദീപം തെളിയിക്കുന്നതിനായി ഇന്ത്യൻ പൈലറ്റ്, ക്യാപ്റ്റൻ സ്മിത് മച്ചാറിനും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ക്ഷണം.

**Indian Pilot Captain Smith Machar, PM Modi Invited to Light Ceremonial Lamp at Israel Independence Day Celebrations.**

5. **വികസനത്തിനായി നിക്ഷേപകരെയും സംരംഭകരെയും ചേർത്തുനിർത്തുന്ന സമീപനമായിരിക്കും സംസ്ഥാന സർക്കാർ സ്വീകരിക്കുകയെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.**

   **Kerala Government to Adopt Investor-Friendly Approach to Boost Development: CM V.D. Satheesan.**

6. **ഏഷ്യൻ ഗെയിംസിന് ഇന്ന് സമാപനം; നാലാം സ്ഥാനം നിലനിർത്തി ഇന്ത്യ; ഷൂട്ടിംഗ് താരം നീരു ദണ്ഡ ഇന്ത്യൻ പതാകയേന്തും.**

   **Asian Games Conclude Today; India Retains Fourth Position, Shooter Neeru Dhanda to Lead Contingent as Flag-Bearer.**

*********************************************

## PARLIAMENT COMMITTEES (INTRO)

വിവിധ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട പാർലമെന്റിന്റെ സ്ഥിരം സമിതികൾ പുനഃസംഘടിപ്പിച്ച് ലോക്സഭാ സ്പീക്കർ ഓം ബിർള. ധനകാര്യ സമിതിയുടെ അധ്യക്ഷനായി ബിജെപി എംപി ഭർതൃഹരി മഹതാബിനെയും വിദേശകാര്യ സമിതിയുടെ അധ്യക്ഷനായി കോൺഗ്രസ് എംപി ശശി തരൂരിനെയും നിയമിച്ചു.

ഒരു റിപ്പോർട്ട്...

*(വോയിസ്)*

*ബിജെപി എംപി സുധീർ ഗുപ്തയാണ് റെയിൽവേ സമിതിയുടെ അധ്യക്ഷൻ. കൃഷി, മൃഗസംരക്ഷണം, ഭക്ഷ്യസംസ്കരണം എന്നിവ കൈകാര്യം ചെയ്യുന്ന സമിതിയുടെ അധ്യക്ഷനായി കോൺഗ്രസ് എംപി ചരൺജിത് സിംഗ് ചന്നിയും, പ്രതിരോധ സമിതിയുടെ അധ്യക്ഷനായി ബിജെപി എംപി രാധാ മോഹൻ*

*സിംഗും, ജലവിഭവ സമിതിയുടെ അധ്യക്ഷനായി ബിജെപി എംപി രാജീവ് പ്രതാപ് റൂഡിയും ചുമതലയേൽക്കും. ഗ്രാമവികസന-പഞ്ചായത്തീരാജ് സമിതിയുടെ അധ്യക്ഷനായി കോൺഗ്രസ് എംപി സപ്തഗിരി ഉലകയെയും, വാർത്താവിനിമയ-വിവരസാങ്കേതികവിദ്യ സമിതിയുടെ അധ്യക്ഷനായി ബിജെപി എംപി നിഷികാന്ത് ദുബെയെയും നിയമിച്ചു. ബി.ജെ.പി രാജ്യസഭാ എം.പി സുധാൻഷു ത്രിവേദി വാണിജ്യ സമിതിയുടെ പുതിയ അധ്യക്ഷനാകും. വളം രാസവസ്തു സമിതിയുടെ അധ്യക്ഷയായി തൃണമൂൽ എം.പി കാകോലി ദസ്തിദാറിനെ നിയമിച്ചു. പുതിയ സമിതികൾക്ക് കഴിഞ്ഞ മാസം 26 മുതൽ പ്രാബല്യമുണ്ടായിരിക്കും.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

**************************************

## KAUTILYA ECONOMIC CONCLAVE

കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ സാമ്പത്തികരംഗത്ത് കൂടുതൽ കരുത്തും പ്രതിസന്ധികളെ അതിജീവിക്കാനുള്ള ശേഷിയും ഇന്ത്യ ആർജ്ജിച്ചതായി ധനമന്ത്രി നിർമ്മല സീതാരാമൻ. ധനകാര്യ വിവേകം, അടിസ്ഥാനസൗകര്യ വികസനത്തിലെ നിക്ഷേപം, ബാങ്കിംഗ് മേഖലയിലെ പരിഷ്കാരങ്ങൾ, മെച്ചപ്പെട്ട സേവന വിതരണ സംവിധാനങ്ങൾ, തുടർച്ചയായ പരിഷ്കാരങ്ങൾ എന്നിവയിലൂടെയാണ് ഇത് സാധ്യമായത്. ന്യൂഡൽഹിയിൽ നടന്ന അഞ്ചാമത് കൗടില്യ സാമ്പത്തിക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി. ചരക്ക് സേവന നികുതി, പാപ്പരത്ത നിയമം, നാല് തൊഴിൽ നിയമങ്ങൾ എന്നിവയിലൂടെ രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ സർക്കാർ വിപുലീകരിച്ചതായി ധനമന്ത്രി വ്യക്തമാക്കി. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 7.8 ശതമാനം ജി.ഡി.പി. വളർച്ച കൈവരിച്ചതായും മന്ത്രി അറിയിച്ചു.

**********************************

## GAUBA KAUTILYA CONCLAVE

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഭൗമരാഷ്ട്രീയ, സാങ്കേതിക, സാമ്പത്തിക സാഹചര്യങ്ങൾക്കനുസരിച്ച് നിയന്ത്രണ ചട്ടക്കൂടുകൾ പരിണമിക്കേണ്ടതുണ്ടെന്ന് നീതി ആയോഗ് അംഗം രാജീവ് ഗൗബ. നൂതനാശയങ്ങൾ, മത്സരം, നിക്ഷേപം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം അപകടസാധ്യതകൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിലുള്ള നിയന്ത്രണ സംവിധാനങ്ങൾ വികസിപ്പിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. കൗടില്യ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**********************************

## AMIT SHAH (INTRO)

ഭാരതീയ ന്യായ സൻഹിത പൂർണമായും നടപ്പിലാക്കുന്നതോടെ ഇന്ത്യയിലെ ക്രിമിനൽ നിയമസംവിധാനം ലോകത്തിലെ ഏറ്റവും ആധുനിക സംവിധാനമായി മാറുമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ. ഭോപ്പാലിൽ ഇന്നലെ നടന്ന ഗോപാലകസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

**********************************

## GRAMASABHA

ഗാന്ധിജയന്തിയോടനുബന്ധിച്ച് വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സംഘടിപ്പിച്ച പ്രത്യേക ഗ്രാമസഭകളുടെ ഭാഗമായി രാജ്യത്തെ 1,850-ലേറെ ഗ്രാമപഞ്ചായത്തുകളിലും ഗ്രാമങ്ങളിലും 'ജൽ അർപ്പൺ'

ചടങ്ങുകൾ നടന്നു. ഗ്രാമീണ കുടിവെള്ള വിതരണ സംവിധാനങ്ങളുടെ നടത്തിപ്പ് ജനങ്ങൾക്ക് കൈമാറുന്നതിലൂടെ ജനപങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് ജൽ ജീവൻ മിഷൻ 2.0-യുടെ ഭാഗമായി നടപ്പാക്കുന്ന ഈ സുപ്രധാന പരിഷ്കാരത്തിന്റെ ലക്ഷ്യം. പൂർത്തിയായ ഗ്രാമീണ കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്കും വില്ലേജ് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റികൾക്കും ഔപചാരികമായി കൈമാറി. പഞ്ചായത്തുകൾക്കും ഗ്രാമങ്ങൾക്കുമായി 346 'ഹർ ഘർ ജൽ' സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

************************************

## CHARGE D AFFAIRES OF PAKISTAN SUMMONED

പാകിസ്ഥാനിൽ നിന്നും പഞ്ചാബിലെ ഫിറോസ്പൂർ മേഖലയിലേക്ക് മൂന്ന് പേർ നുഴഞ്ഞുകയറാൻ ശ്രമിച്ച സംഭവത്തിൽ ശക്തമായ പ്രതിഷേധം അറിയിച്ച് ഇന്ത്യ. പാകിസ്ഥാൻ ഹൈക്കമ്മീഷനിലെ 'ചാർജ് ഡി അഫയേഴ്സിനെ' വിളിച്ചുവരുത്തിയാണ് വിദേശകാര്യ മന്ത്രാലയം പ്രതിഷേധം അറിയിച്ചത്. സംഭവത്തിൽ പാകിസ്ഥാൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സായുധ ലഹരിമരുന്ന് സംഘങ്ങളുടെ പങ്ക് അന്വേഷിക്കണമെന്നും ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കണമെന്നും ഇന്ത്യ പാകിസ്ഥാനോട് ആവശ്യപ്പെട്ടു.

************************************

## CENTRE - CLASSICAL LANGUAGES

ആസ്സാമീസ്, ബംഗാളി, മറാത്തി, പാലി, പ്രാകൃത് എന്നി ശ്രേഷ്ഠ ഭാഷകളുടെ പഠനത്തിനായി കേന്ദ്രവിദ്യാഭ്യാസമന്ത്രാലയം അഞ്ച് മികവിന്റെ കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകി. ഉന്നത അക്കാദമിക ഗവേഷണം, ഭാഷാ, സാഹിത്യപൈതൃക

സംരക്ഷണവും ഡിജിറ്റൈസേഷനും തുടങ്ങിയവയ്ക്ക് പിന്തുണനല്കുന്നതാകും കേന്ദ്രങ്ങൾ.

***********************************

## MODI-25 YEARS IN PUBLIC SERVICE

പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുകയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി. 'ജനസേവനത്തിലൂടെ രാഷ്ട്രസേവനം' എന്ന മന്ത്രവുമായാണ് അദ്ദേഹത്തിന്റെ പ്രയാണം. ന്യൂഡൽഹിയിലെ കേന്ദ്ര ഭരണനിർവ്വഹണ കേന്ദ്രത്തെ പുനർരൂപകൽപ്പന ചെയ്യുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് അദ്ദേഹം വിഭാവനം ചെയ്ത 'സെൻട്രൽ വിസ്ത പുനർവികസന പദ്ധതി'. പുതിയ പാർലമെന്റ് മന്ദിരം, കർത്തവ്യ പഥ്, പൊതു കേന്ദ്ര സെക്രട്ടേറിയറ്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

***********************************

## ISRAEL- INDIAN PILOT

ഇസ്രയേൽ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പരമ്പരാഗത ദീപം തെളിയിക്കുന്നതിനായി ഇന്ത്യൻ പൈലറ്റ്, ക്യാപ്റ്റൻ സ്മിത് മച്ചാറിനെയും പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും ക്ഷണിച്ച് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. ക്യാപ്റ്റൻ മച്ചാറുമായി നടത്തിയ ഫോൺ സംഭാഷണത്തിനിടെ, ഇന്ത്യയുടെയും ഇസ്രായേലിന്റെയും ലോകത്തിന്റെയും വീരനായകനെന്ന് അദ്ദേഹത്തെ നെതന്യാഹു പ്രശംസിച്ചു. ദീപം തെളിക്കാനുള്ള അവകാശം പരമ്പരാഗതമായി ഇസ്രായേലി പൗരന്മാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണെന്ന് ചൂണ്ടിക്കാണിച്ച നെതന്യാഹു, ക്യാപ്റ്റൻ മച്ചാറിന്റെ ധീരതയ്ക്കും സേവനത്തിനുമുള്ള അപൂർവ്വവും സുപ്രധാനവുമായ അംഗീകാരമാണ് ഈ ക്ഷണമെന്നും വ്യക്തമാക്കി.

**********************************

# V D SATHEESHAN

സംസ്ഥാനത്തിന്റെ വികസനത്തിനായി മുന്നോട്ടുവരുന്ന നിക്ഷേപകരെയും സംരംഭകരെയും ചേർത്തുനിർത്തുന്ന സമീപനമായിരിക്കും സർക്കാരിന്റേതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. കോഴിക്കോട് സൈബർപാർക്കിൽ ഹൈലൈറ്റ് സൈബർ ടവറിന്റെ നിർമ്മാണോത്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പുതിയ വികസന പദ്ധതികൾ 2030ൽ പൂർത്തിയാകുന്നതോടെ കേരളത്തിൽ രണ്ട് ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നു അദ്ദേഹം പറഞ്ഞു. ഐടി-സാങ്കേതിക രംഗത്ത് തിരുവനന്തപുരത്തിനും കൊച്ചിക്കുമൊപ്പമുള്ള പ്രധാന ഐ ടി കേന്ദ്രമായി കോഴിക്കോടിനെ മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

**********************************

# ROJI M JOHN

വിദ്യാർഥികളിൽ പാഠ്യപദ്ധതിക്കപ്പുറം സർഗാത്മക കഴിവുകൾ തിരിച്ചറിയാനും അവ വികസിപ്പിക്കാനുള്ള വേദികൾ അനിവാര്യമാണെന്ന് മന്ത്രി റോജി എം. ജോൺ. ഷൊർണൂർ ടെക്നിക്കൽ ഹൈസ്കൂളിൽ എട്ടാമത് അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര സാങ്കേതികമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ 39 ടെക്നിക്കൽ ഹൈസ്കൂളുകളിൽ നിന്നും ഐ.എച്ച്.ആർ.ഡി.യുടെ ഒമ്പത് ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നുമുള്ള വിദ്യാർത്ഥികളാണ് മേളയിൽ പങ്കെടുക്കുന്നത്.

**********************************

# WEATHER KERALA

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ചൊവ്വാഴ്ച വരെ, ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും, സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന്, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി.

************************************

## ASIAN GAMES (INTRO)

ഇരുപതാമത് ഏഷ്യൻ ഗെയിംസിന് ഇന്ന് സമാപനം. മെഡൽ നേട്ടത്തിൽ നാലാം സ്ഥാനത്താണ് ഇന്ത്യ. 21 സ്വർണവും 27 വെള്ളിയും 37 വെങ്കലവും ഉൾപ്പെടെ 85 മെഡലുകളാണ് ഇന്ത്യ സ്വന്തമാക്കിയത്. ഇന്ത്യയുടെ മത്സരങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്.

**വിശദാംശങ്ങളിലേക്ക്...**

*(വോയിസ്)*

*അശ്വാഭ്യാസത്തിൽ രണ്ട് മത്സരങ്ങൾ മാത്രമാണ് ഇന്ന് നടക്കുക. ഗെയിംസിലെ മറ്റ് മത്സരങ്ങളെല്ലാം പൂർത്തിയായി. ഇന്ത്യൻ സമയം വൈകിട്ട് രണ്ടരയ്ക്ക് സമാപന സമ്മേളനം നടക്കും. സമാപന ചടങ്ങിൽ വച്ച് അടുത്ത ഗെയിംസിന് ആതിഥേയത്വം വഹിക്കുന്ന ഖത്തറിന് പതാക കൈമാറും. സമാപന സമ്മേളനത്തിൽ രാജ്യങ്ങളുടെ പതാകകൾക്ക് പിന്നിലായി കായികതാരങ്ങളുടെ മാർച്ച് പാസ്റ്റ് നടക്കും. ഷൂട്ടിങ്ങിൽ മൂന്ന് മെഡലുകൾ നേടിയ നീരു ദണ്ഡയാണ് ഇന്ത്യൻ പതാകയേന്തുക. ഏഷ്യൻ ഗെയിംസിൽ കിരീടം നിലനിർത്തിയ പുരുഷ ക്രിക്കറ്റ് - ഹോക്കി ടീമുകളെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ക്രിക്കറ്റിൽ സ്വർണം നേടിയതോടെ ഈ ഗെയിംസിൽ സുവർണ്ണ നേട്ടം കൈവരിച്ച ഏക മലയാളി താരമായി സഞ്ജു സാംസൺ മാറി. വനിതകളുടെ വ്യക്തിഗത ഗോൾഫ് ഇനത്തിൽ ഇന്ത്യയുടെ*

*ആദ്യ സ്വർണത്തിനുടമയായ പ്രണവിയെയും അദ്ദേഹം പ്രശംസിച്ചു.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

***********************************

## CRICKET

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് മൂന്നാം ഏകദിന ക്രിക്കറ്റിൽ വെസ്റ്റ് ഇൻഡീസിന് അഞ്ചു വിക്കറ്റ് വിജയം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത ഓവറുകളിൽ 7 വിക്കറ്റ് നഷ്ടത്തിൽ 351 റൺസ് ആണ് നേടിയത്. മറുപടി ബാറ്റിങ്ങിൽ 48.2 ഓവറുകളിൽ 5 വിക്കറ്റ് നഷ്ടത്തിൽ വിൻഡീസ് ലക്ഷ്യം കാണുകയായിരുന്നു.

***********************************

## INDIA – RUSSIA

ന്യൂഡൽഹിയിൽ ഇന്ത്യ-റഷ്യ ബന്ധം സംബന്ധിച്ച ഉപദേശക സമിതി യോഗത്തിന് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ അധ്യക്ഷത വഹിച്ചു. വ്യാപാരം, നിക്ഷേപം, ഊർജം, കണക്റ്റിവിറ്റി, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയ മേഖലകളിലെ ഇന്ത്യ-റഷ്യ സഹകരണത്തിന്റെ വിവിധ വശങ്ങൾ യോഗത്തിൽ അദ്ദേഹം വിശദീകരിച്ചു.

*

******************

****************************************************